# ST. GEORGE HSS ARUVITHURA

# ACADEMIC MASTER PLAN

# 2025-26

## <u>ആമുഖം</u>

അരുവിത്തുറയിലേയും സമീപപ്രദേശങ്ങളിലേയും ജനങ്ങളുടെ ചിരകാലഭിലാഷത്തിന്റെ പൂർത്തീകരണമായിരുന്നു അരുവിത്തുറ സെന്റ് ജോർജ്ജ് ഹൈസ്ക്കൂൾ ഫാ. തോമസ് അരയത്തിനാലിന്റെ നിരന്തര പരിശ്രമത്തിന്റെ ഫലമായി അന്നത്തെ പൂഞ്ഞാർ എം.എൽ.എ.യും മുഖ്യമന്ത്രിയുമായിരുന്ന ശ്രീ. എ.ജെ. ജോൺ 1952-ൽ അരുവിത്തുറ പള്ളി വകയായി ഒരു ഹൈസ്ക്കൂൾ അനുവദിച്ചു. റവ. ഫാ. തോമസ് അരയത്തിനാലായിരുന്നു പ്രഥമ മാനേജർ. ശ്രീ. കെ. എം. ചാണ്ടി കവളംമാക്കൽ പ്രഥമ ഹെഡ്മാസ്റ്ററായും ചുമതലയേറ്റു. 1954-ൽ സ്കൂൾ എല്ലാ ക്ലാസ്സുകളോടും കൂടി പൂർണ്ണമാവുകയും റവ. ഫാ. എബ്രാഹം മുങ്ങാമാക്കൽ ഹെഡ്മാസ്റ്ററായി നിയമിതനാവുകയും ചെയ്തു.

സ്കൂളിന്റെ കായിക ചരിത്രത്തിന് നാന്ദികുറിച്ചുകൊണ്ട് 400 മീ. ട്രാക്കോടുകൂടിയ സ്റ്റേഡിയം 1963-ൽ നിർമ്മിക്കപ്പെട്ടു. രണ്ടായിരമാണ്ടിൽ ഹയർസെക്കണ്ടറി വിഭാഗം അനുവദിച്ച് കിട്ടി.

അരുവിത്തുറ സെന്റ് ജോർജ്ജ് ഫൊറോന പള്ളിയുടെ മാനേജ്മെന്റിലുള്ള ഈ വിദ്യാലയം പാലാ രൂപതാ കോർപ്പേറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ കീഴിൽ പ്രവർത്തിക്കുന്നു. ആയിരങ്ങൾക്ക് അറിവിന്റെ വെളിച്ചം പകർന്ന് നൽകിയ ഈ വിദ്യാലയത്തിൽ ഇന്ന് 250 ഓളം വിദ്യാർത്ഥികൾ അധ്യയനം നടത്തുന്നു. പാഠ്യപാഠ്യേതരപ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്ന സ്കൂൾ തുർച്ചയായി ഉന്നതവിജയം നേടി വരുന്നു.

# PROFILE

| | | |
|---|---|---|
| Name of School | : | St. George H.S.S. Aruvithura |
| School Code | : | 32001 |
| UDISE Code | : | 32100200101 |
| Name of Municipality | : | Erattupetta |
| Name of BRC | : | Erattupetta |
| Name of Sub District | : | Erattupetta |
| Name of Education District | : | Kanjirappally |
| Name of Revenue District | : | Kottayam |
| Classes in the School | : | V to X |
| Type of Management | : | Aided |
| Name of H.M. with Mobile No. | : | Jobin Thomas 9447302225 |
| E mail ID | ; | kply32001@gmail.com |

# പൊതുലക്ഷ്യങ്ങൾ

- സ്ക്കൂൾ പഠനം പൂർത്തിയാക്കുന്ന ഏതൊരു കുട്ടിയ്ക്കും അവന്റെ കഴിവിനും അഭിരുചിക്കും അനുസരിച്ച് ഒരു തൊഴിലെങ്കിലും ലഭ്യമാക്കുന്ന വിധത്തിൽ കുട്ടി നേടേണ്ട പഠനശേഷികൾ കൈവരിക്കാൻ പറ്റിയ കരുതലുകൾ നൽകും
- സ്ക്കൂൾ പഠനം പൂർത്തിയാക്കുന്ന എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ വായിക്കാനും എഴുതുവാനുള്ള കഴിവ് ഉറപ്പു വരുത്തും.
- കുട്ടികളുടെ കലാകായികരംഗങ്ങളിൽ അവരുടെ മികവ് തെളിക്കുന്നതിനുള്ള അവസരങ്ങൾ സജ്ജമാക്കും.
- ലൈബ്രറി ശാക്തീകരണ പ്രവർത്തനങ്ങൾക്കുള്ള പദ്ധതികൾ ഊർജ്ജിതമാക്കും.
- ലാബ് ശാക്തീകരണത്തിനുള്ള പ്രവർത്തനങ്ങൾ സജ്ജമാക്കും.
- ഐ.സി.ടി സാധ്യതകൾ വികസിപ്പിക്കുന്നതിനുവേണ്ടി ഓരോ ക്ലാസ്സിലെയും പഠനപ്രവർത്തനങ്ങൾക്ക് അനുയോജ്യമായ വിധത്തിൽ കുട്ടികൾക്ക് പരിശീലനം നൽകും.
- ജൈവ വൈവിധ്യ ഉദ്യാനം വികസിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും പദ്ധതി ചെയ്യും.
- പഠനപ്രവർത്തനങ്ങളുടെ ഭാഗമായി ക്ലബ്ബ് പ്രവർത്തനങ്ങൾ ഊർജിതമാക്കും.
- കുട്ടികൾക്ക് സ്വാശ്രയശീലം വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തും.
- ലഹരി വിമുക്ത ക്യാമ്പസ് നിലനിർത്തും.
- ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ - സ്കൂൾ പ്ലാസ്റ്റിക്ക് രഹിത, മാലിന്യ മുക്ത ക്യാമ്പസ് ആയിരിക്കും.
- വ്യക്തി പരിസരശുചിത്വ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തും.
- കുട്ടികൾക്ക് കൂട്ടുകൂടാനു, വിശ്രമിക്കാനും, കളിക്കാനും പരിശീലനത്തിനുമൊക്കെയുള്ള പദ്ധതികൾ നടപ്പിലാക്കും.
- കുട്ടികളുടെ മാനസികാരോഗ്യ പ്രശ്നങ്ങൾക്ക് സഹായകമായ കൗൺസിലിംഗ് സംവിധാനം നൽകും.
- ഭിന്നശേഷിക്കാരെ ഉൾക്കൊള്ളിച്ചുള്ള വിദ്യാഭ്യാസ പദ്ധതികൾ നടപ്പിലാക്കും.

- സ്ത്രീ ശാക്തീകരണം, സ്ത്രീ സുരക്ഷ എന്നിവയ്ക്കുള്ള ക്ലാസ്സും മറ്റും നൽകും.
- അക്കാദമിക പ്രവർത്തനങ്ങൾ

**<u>വിഷയം (മാതൃഭാഷ)</u>**

- എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നു എന്നും എഴുതുന്നു എന്നും ഉറപ്പുവരുത്തും.
- എല്ലാ കുട്ടികൾക്കും മികച്ച ആശയവിനിമയം നടത്തുവാനുള്ള കഴിവുകൾ ലഭിക്കത്തക്കവിധം കുട്ടികളെ പരിശീലിപ്പിക്കും.
- കുട്ടികളുടെ സാഹിത്യ അഭിരുചി വളർത്തും.
- ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവു നേടുവാൻ തക്ക പരിശീലനം കുട്ടികൾക്ക് നൽകും.
- ഭാഷാശേഷി വികാസത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തും.

**ഹ്രസ്വകാലം പ്രവർത്തനങ്ങൾ**

- അർത്ഥപൂർണ്ണമായുള്ള വായന
- പത്രവായനയും വിശകലനവും
- ആഴ്ച്ചപ്പതിപ്പുകൾ മാസികകൾ വായനയും വിശകലനവും
- പ്രതിദിനം ക്ലാസ്സുകളിൽ ഗ്രൂപ്പായി വായന
- വാർത്തകളോടുള്ള പ്രതികരണങ്ങൾ
- ഉച്ചാരണശുദ്ധിയോടെ വായിക്കാൻ പരിശീലിപ്പക്കൽ....

സ്കൂൾ ലൈബ്രറി സംവിധാനം ആകർഷകമാക്കി പുസ്കതങ്ങളുടെ ഉപയോഗം ഫലപ്രദമാക്കും.

ക്ലാസ്സ് ലൈബ്രറി സംവിധാനം ശക്തിപ്പെടുത്തും നിലവിൽ ലഭ്യമായ പുസ്തകങ്ങളെ ഇനം തിരിച്ച് തരം തിരിക്കുന്നു. എഴുത്തുകാരന്റെ പേരിന്റെ അക്ഷരമാല ക്രമത്തിൽ ക്രമീകരിക്കുന്നു. ചുമതലക്കാരും തെരഞ്ഞെടുത്ത അധ്യാപകരും ഏതാനും കുട്ടികളും ഓരോ ക്ലാസിനും ഉപയോഗിക്കാവുന്ന പുസ്തകങ്ങ

ളുടെ ലിസ്റ്റ് തയ്യാറാക്കുന്നു. ഇതിനായി സബ്ജറ്റ് കൗൺസിൽ കൂടുന്നു. പുസ്തക വിതരണത്തിനുള്ള സൗകര്യമൊരുക്കുന്നു. അധ്യാപകരും കുട്ടികളും അവരവരുടെ പിറന്നാളിന് ഒരു പുസ്തകം ലൈബ്രറിക്ക് സമ്മാനം കൊടുക്കുന്നു. മെയ്, ജൂൺ മാസങ്ങളിൽ പിറന്നാളുള്ള അധ്യാപകരും കുട്ടികളും ജൂൺ മാസത്തിലെ ആദ്യ അസംബ്ലിയിൽ പുസ്തകങ്ങൾ നല്കുന്നു.

**<u>ലാബ് ശാക്തീകരണ പ്രവർത്തനങ്ങൾക്കുള്ള പദ്ധതികൾ</u>**

- സയൻസ് അധ്യാപികയുടെ നേതൃത്വത്തിൽ ലാബിൽ ക്രമീകരണങ്ങൾ നടത്തുന്നു.
- പുതുക്കിയ ലാബിൽ പുതിയ ചാർട്ടുകൾ (വിവിധ ലോഹങ്ങൾ) ഉൾപ്പെടുത്തുന്നു.
- കെമിക്കൽസിനെല്ലാം പുതിയ ലേബലുകൾ നല്കുന്നു.
- ലാബിന് ഇൻചാർജ്ജായി സയൻസ് ക്ലബിൽ നിന്നും 2 കുട്ടികളെ കണ്ടെത്തുന്നു.

**IT <u>സാധ്യതകൾ വികസിപ്പിക്കൽ</u>**

നിലവിലുള്ള 2 സ്മാർട്ട് റൂമിൽ എല്ലാ കുട്ടികൾക്കും പ്രവേശനം ലഭിക്കത്തക്ക വിധതതിൽ Class Time Table ക്രമീകരിക്കുന്നു. അധ്യാപകർ നിർബന്ധമായും IT സാധ്യതകൾ ഉപയോഗിച്ച് പാഠഭാഗങ്ങൾ അവതരിപ്പിക്കുന്നു.

ജൈവ വൈവിധ്യ ഉദ്യാനങ്ങൾ വികസിപ്പിക്കൽ

- പുതിയതായി ചെടികൾ നട്ടു പിടിപ്പിക്കുന്നു.
- ഔഷധ ചെടികൾ നട്ടുപിടിപ്പിക്കുന്നു.
- പഠന പ്രവർത്തനങ്ങളുടെ ഭാഗമായി ക്ലബ് പ്രവർത്തനങ്ങൾ ഊർജിതമാക്കും.
- ക്ലബ് പ്രവർത്തനങ്ങൾ സജീവമാക്കും.
- വിവിധ ക്ലബുകൾ വിവിധ പഠനപ്രവർത്തനങ്ങൾ അവയുടെ പ്രാധാന്യമനുസരിച്ച് സമയാസമയങ്ങളിൽ നടത്തും.

**<u>മാത്സ് ക്ലബ്</u>**

ഗണിതം ലഭിതവും രസകരവുമായി കുട്ടികൾക്ക് അനുഭവപ്പെടുന്നതിനായി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തു.

**അടിസ്ഥാന ഗണിത പരിശീലനയജ്ഞം**

അടിസ്ഥാന ഗണിത ക്രിയകളിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേകം പരിശീലന പരിപാടി തയ്യാറാക്കി അവരെ മുന്നോക്ക നിരയിലേയ്ക്ക് കൊണ്ടുവരുന്നതിനായി ഗണിത പരിശീലനയജ്ഞം സംഘടിപ്പിക്കും.

**മാത്സ് ടാലന്റ് മൂവ്മെന്റ്**

ഗണിതത്തിൽ മുന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് അങ്കഗണിതം, ജ്യാമിതി, ത്രികോണമിൽ തുടങ്ങിയ ഗണിത ശാഖകളിൽ താത്പര്യവും അഭിരുചിയും വർദ്ധിപ്പിക്കുന്നതിനായി വിവിധ ക്ലാസ്സുകളും സെമിനാറുകളും സിമ്പോസിയവും നടത്തും.

**ഗണിത മേള**

ഗണിത ശാസ്ത്ര മേളയിലെ വിവിധ ഇനങ്ങളിൽ കുട്ടികൾക്ക് പ്രത്യേക പരിശീലനം കൊടുക്കുകയും സ്ക്കൂൾ തലത്തിൽ ഗണിത മേള സംഘടിപ്പിക്കുകയും ചെയ്യും, ഇതിൽ മികവു പുലിരുന്നവരെ ഉപജില്ല/ജില്ലാ/ സംസ്ഥാനതലങ്ങളിലെ മത്സരങ്ങളിൽപങ്കെടുപ്പിക്കും.

**പിയർ മാത്സ് ടീം**

കുട്ടികൾ കുട്ടികളെ ഗണിതത്തിൽ സഹായിക്കുന്നതിനായി ഗണിതത്തിൽ മിടുക്കരായ കുട്ടികൾ, ഓരോ ക്ലാസിലും ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് സഹായകരമാകുന്ന വിധത്തിൽ മാത്സ് ടീം രൂപീകരിക്കും.

**പസ്സിൽ കോർണർ**

കുട്ടികൾക്ക് ഗണിതത്തിൽ താത്പര്യം വർദ്ധിപ്പിക്കുന്നതിനായി ഗണിത പസ്സിലുകൾ അവതരിപ്പിക്കുകയും അവയ്ക്ക് പരിഹാരം കണ്ടെത്തുന്ന രീതി കുട്ടികൾ തന്നെ വിശദീകരിക്കുകയും ചെയ്യും.

**ഗണിത ക്വിസ് ബോർഡ്**

മാത്സ് ക്ലബിന്റെ ആഭിമുഖ്യത്തിൽ എല്ലാ ആഴ്ചയും ഗണിത ക്വിസ് ബോർഡിൽ പ്രദർശിപ്പിക്കുകയും ശരിയായ ഉത്തരങ്ങൾ നൽകുന്നവർക്ക് പ്രോത്സാഹന സമ്മാനങ്ങൾ നൽകുകയും ചെയ്യും.

## മലയാളത്തിളക്കം

### ദിനാചരണങ്ങൾ

വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുന്നതിന് ദിനാചരണവുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങളും മത്സരങ്ങളും സംഘടിപ്പിക്കും.

### വായനാക്കുറിപ്പ്

ഓരോ കുട്ടിയുടെയും പുസ്തക വായനയുടെ കുറിപ്പ് ശേഖരിച്ച് പതിപ്പ് തയ്യാറാക്കും, പാഠഭാഗവുമായി ബന്ധപ്പെട്ട് അധിക വായനയ്ക്ക് അവസരം നൽകാനും മാസത്തിൽ ഒരു ദിവസം പ്രയോജനപ്പെടുത്തും.

### സാഹിത്യകാരന്മാരുമായുള്ള അഭിമുഖം സംവാദം

പ്രാദേശികമായി ലഭ്യമായ സാഹിത്യകാരന്മാരെ കണ്ടെത്തുകയും അവരുമായി അഭിമുഖ നടത്തി പുസ്തകരചനാ തന്ത്രങ്ങൾ അറിയുന്നതിനും സാഹിത്യവാസന മെച്ചപ്പെടുത്തുന്നതിനും ഉള്ള അവസരങ്ങൾ ഒരുക്കും.

### സാഹിത്യക്കൂട്ടം

കുട്ടികളുടെയും അധ്യാപകരുടെയും രക്ഷിതാക്കളുടെയം സാഹിത്യകൃതികൾ ശേഖരച്ച് അവതരണവും ചർച്ചയും നടത്താൻ സാഹിത്യക്കൂട്ടം ഒരുക്കും.

### എഴുത്തുകൂട്ട രൂപീകരണം

കുട്ടികളെ അഞ്ചുവീതം ഗ്രൂപ്പുകളാക്കുന്നു. അവരുടെ വ്യക്തിഗത രചനകൾ, സംഘരചനകൾ എന്നിവ സംഘടിപ്പിച്ച് ഇവ ഏത് വിഭാഗത്തിൽപ്പെടുന്നു എന്ന് ചർച്ച, വിശകലനം.

### വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ

മലയാള സാഹിത്യത്തിലെ വിവിധ സാഹത്യശാഖകൾ ചരിചയപ്പെടുത്തൽ, വിവിധ ശാഖകൾ തലക്കെട്ടോടെ ലൈബ്രറി പുസ്തകം ലിസ്റ്റ് ചെയ്യൽ, വിവിധ മേഘലയിലുള്ള സൃഷ്ടി പരിചയപ്പെടുത്തൽ എന്നിവ സാധ്യമാക്കും.

**പൊതുവേദിയിലെ പ്രകടനം മെച്ചപ്പെടുത്തൽ**

കുട്ടികളിലെ ഭയം, സഭാകമ്പം എന്നിവ മാറ്റിയെടുക്കാൻ അസംബ്ലി, സർഗ വേള, ബാലസഭ എന്നിവ സംഘടിപ്പിക്കും. സ്വന്തം സൃഷ്ടികൾ അവതരിപ്പക്കാൻ അവസരമൊരുക്കും.

**ഭിന്നശേഷിക്കാർക്കായുള്ള പ്രവർത്തനങ്ങൾ**

BRC IED Teachers എന്നിവരുടെ സഹായത്തോടെ ഭിന്നശേഷിക്കാർക്കായു ള്ള പ്രവർത്തനം ആസൂത്രണം ചെയ്യും.

## Science Club

1. **ICT Resources കുട്ടികൾ തന്നെ ഉണ്ടാക്കുക.**

   കുട്ടികൾ തന്നെ ICT Resources ഉണ്ടാക്കുന്നു. അവ മറ്റുള്ളവർക്കു മുമ്പിൽ പ്രദർശിപ്പിക്കുന്നു.

2. **Science Related Magazins**

   വായന പ്രോത്സാഹിപ്പിക്കുക. വർഷാവസാനം സയൻസ് കൈയ്യെ ഴുത്ത് മാസിക നിർമ്മിച്ച് അസംബ്ലിയിൽ അവതരിപ്പിക്കുക.

3. **Science Quiz Club**

   മാസത്തിലൊരു ക്വിസ് മത്സരം വച്ചു നടത്തി സമ്മാനാർഹരായ വർക്ക് സയൻസ് റിലേറ്റഡ് ബുക്ക്സ് സമ്മാനം നൽകുന്നു.

4. **Team Teaching**

   ഒരു topic പല Science Subject Teachers ഒന്നിച്ച് ക്ലാസ് എടുക്കുന്നു.

   ഉദാ: കണ്ണ് എന്ന topic കണ്ണിന്റെ ഘടന Biology Teachers- ഉം Image Formation - Physics Teacher- ഉം അതുമായി ബന്ധപ്പെട്ട Numerical Problems- Maths Teacher ഉം പഠിപ്പിക്കുന്നു.

5. **Peer Group Teaching**

   Peer Group Teaching പ്രോത്സാഹിപ്പിക്കുന്നു. Weak students -am പഠിപ്പി ക്കുവാൻ Bright students -നെ ഏൽപ്പിക്കുന്നു.

## Short Term Activities

**1. Science Workshop**

ചെറിയ പരീക്ഷണങ്ങൾ കുട്ടികൾക്ക് ചെയ്യാനും കാണാനും അവതരിപ്പിക്കുവാനുമായി സ്കൂളിൽ സയൻസ് വർക്ക്ഷോപ്പ് നടത്തുന്നു.

**2. Teaching Materials**

കുട്ടികൾ Teaching Materials ഉണ്ടാക്കുന്നു.( Improvised)

**3. Science Exibition** സംഘടിപ്പിക്കുന്നു.

**4.** സയൻസ് സെമിനാർ കുട്ടികൾ അവതരിപ്പിക്കുക.

5. പരിസ്ഥിതി സർവ്വേ

പരിസ്ഥിതി പ്രശ്നങ്ങൾ കണ്ടെത്തുകയും അവയുടെ പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിച്ച് സർവ്വേ നടത്തുന്നു.

6. ശാസ്ത്രവുമായി ബന്ധപ്പെട്ട വിവിധ ദിനാചരണങ്ങൾ നടത്തുന്നു.

ഉദാ: സയൻസ് ഡേ

7. ചാർട്ടുകൾ

ശാസ്ത്രജ്ഞൻമാരുടെ ഫോട്ടോയും ജീവചരിത്രവും പ്രധാന കണ്ടുപിടുത്തങ്ങളും അടങ്ങിയ ചാർട്ടുകൾ ക്ലാസ്സ് റൂമുകളിൽ സ്ഥാപിക്കുക.

**Long Term Activities for Average Students**

**1.** Correlated Teaching

Science Subject നെ മറ്റു സബ്ജറ്റുകളുമായി Correlate ചെയ്ത് അവതരിപ്പിക്കുന്നു.

2. കുട്ടികളെക്കൊണ്ട് Question Papers ചെയ്യിക്കുന്നു.

3. ജൈവവൈവിദ്യ ഉദ്യാനം വിപുലീകരിക്കുന്നു.

4. നേരിട്ടുള്ള പഠനാനുഭവങ്ങൾ ലഭിക്കുന്നതിന് പഠനയാത്രകൾ

5. സംഘടിപ്പിക്കുന്നു.

6. 5.Individual Attention കൊടുക്കുന്നതിനു വേണ്ടി അവർക്ക് തുടർച്ചയായി Diagnostic test കളും Remedial Teaching ഉം നടത്തും

**Long Term Activities for Weak Students**

1. ഒരു ടോപ്പിക് ചെറിയ ക്ലാസ്സിൽ നിന്നും തുടങ്ങി വലിയ ക്ലാസിൽ വരെ
2. Correlate ചെയ്ത് അവതരിപ്പിക്കുന്നു.( Spiral Approach)
3. സിമ്പിൾ ആയ പ്രശ്നങ്ങൾക്ക് Weak Students - നെ കൊണ്ട് പരിഹാരം കണ്ടെത്താൻ സഹായിക്കുന്നു.
4. കുട്ടികളുടെ സംശയങ്ങൾ പരിഹരിക്കുന്നതിനായി **Pear Group** നെ ചുമതലപ്പെടുത്തുന്നു.
5. Audio Visual Aids ഉപയോഗിച്ച് ടോപ്പിക് അവതരിപ്പിക്കുന്നു.

**Short Term Activities**

1. Simple lab Activities ചെയ്യിക്കുന്നു.
2. Improvised Aids ന്റെ നിർമ്മണത്തിൽ കുട്ടികളെ പങ്കാളികളാക്കുന്നു.

**Social Science Club**

**ഹ്രസ്വകാല പദ്ധതികൾ**

1. **സ്കൂളിൽ ദിന പത്രങ്ങൾ ലഭ്യമാക്കുക.**

   ലക്ഷ്യം - കുട്ടികളുടെ വായനാശീലവും പൊതു വിജ്ഞാനവും വർദ്ധിപ്പിക്കുക, ദിനപത്രങ്ങൾ സ്വന്തമായി ഇല്ലാത്ത വീടുകളിലെ കുട്ടികൾക്കും പത്രങ്ങൾ വായിക്കുവാൻ സാഹചര്യം ഒരുക്കുക.

   കാലദൈർഘ്യം -ഒരു വർഷം

   സംഘാടനം PTA, Social Science Club, Science Club

   പിന്തുണ പൂർവ്വ വിദ്യാർത്ഥികൾ, അഭ്യുദയകാംക്ഷികൾ

2. **പൊതുവിജ്ഞാന ക്വിസ് മത്സരങ്ങൾ**

   ഓരോ മാസവും അവസാനം ആ മാസത്തെ പത്രവാർത്തകളെ അടിസ്ഥാനമാക്കി ക്വിസ് മത്സരങ്ങൾ നടത്തും. വിജയികൾക്ക് സമ്മാനങ്ങൾ നൽകുന്നു.

ലക്ഷ്യം - കുട്ടികളുടെ വായനാശീലവും പൊതുവിജ്ഞാനവും വർദ്ധിപ്പി ക്കുക, സംഘാടനം Social Science Club, Social Science അധ്യാപകർ

കാലദൈർഘ്യം - ഓരോ മാസവും

**3. ദിനാചരണങ്ങൾ നടത്തുക.**

പ്രധാനപ്പെട്ട ദിവസങ്ങൾ സമുചിതമായി ആചരിക്കുന്നു. പ്രധാനമായി ഹിരോഷിമ (ആഗസ്റ്റ് 6), നാഗസാക്കി ദിനം (ആഗ.9) ജനസംഖ്യ ദിനം( ജൂലൈ11) ക്വിറ്റ് ഇന്ത്യാ ദിനം ( ആഗ.9) സ്വാതന്ത്ര്യ ദിനം( ആഗ.15), ഗാന്ധി ജയന്തി (ഒക്ടോ.2),ഭരണഘടനാ ദിനം( നവം.26) വിദ്യാഭ്യാസ ദിനം( നവം.11),മനുഷ്യാവകാശ ദിനം(ഡിസം.10),റിപ്പബ്ലിക് ദിനം(ജനു.26) രക്ത സാക്ഷി ദിനം(ജനു.30) എന്നിവ.

മറ്റു ക്ലബുകളോടു ചേർന്ന് പരസ്ഥിതി ദിനം,ലഹരി വിരുദ്ധ ദിനം, ശാസ്ത്ര ദിനം, തിരുവോണം etc. എന്നിവയും ആചരിക്കുക. ദിനാചരണങ്ങളോടനു ബന്ധിച്ച് കുട്ടികൾക്ക് വിവിധ മത്സരങ്ങൾ, സമ്മേളനങ്ങൾ എന്നിവ സംഘ ടിപ്പിക്കുക.

ലക്ഷ്യം- കുട്ടികളിലെ ചരിത്രാവബോധവും ദേശസ്നേഹവും വളർത്തുക.

കാലദൈർഘ്യം- 1 വർഷം

സംഘാടനം SS Club

**4. Social Science Fest സംഘടിപ്പിക്കുക.**

മൂന്നാം ടേമിൽ, ജനുവരി - ഫെബ്രുവരി മാസങ്ങളിൽ സാമൂഹ്യ ശാസ്ത്ര വുമായി ബന്ധപ്പെട്ട ഒരു വർഷത്തെ പ്രവർത്തനങ്ങളുടെ സമാപനം കുറി ച്ചുള്ള സോഷ്യൽ സയൻസ് ഫെസ്റ്റ് നടത്തുന്നു. കുട്ടികളുടെ ഉല്പന്നങ്ങൾ, കയ്യെഴുത്തുമാസിക, ചുമർപത്രികകൾ, മറ്റ് പഠന സാമഗ്രികൾ എന്നിവ യുടെ പ്രദർശനവും സംഘടിപ്പിക്കുന്നു.

ലക്ഷ്യം - സോഷ്യൽ സയൻസ് പഠനം കൂടുതൽ ആസ്വാദ്യവും സാമൂഹ്യ കേന്ദ്രീകൃതവുമാക്കുക.

സംഘാടനം - SS Club

കാലയളവ് - 1 വർഷം

5. **സോഷ്യൽ സയൻസ് കൈയ്യെഴുത്തു മാസിക**

ഓരോ വർഷവും ഒരു വിഷയത്തെ അടിസ്ഥാനമാക്കി ഒരു കൈയ്യെഴുത്തു മാസിക തയ്യാറാക്കുന്നു. ഇതിന്റെ പ്രകാശനം സോഷ്യൽ സയൻസ് ഫെസ്റ്റിനോടനുബന്ധിച്ച് നടത്തുന്നു.

ലക്ഷ്യം - കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ വളർത്തുക, പഠനം കൂടുതൽ ആസ്വാദ്യകരമാക്കുക.

സംഘാടനം SS Club

കാലയളവ് ഒരു വർഷം

**നേച്ചർ ക്യാമ്പുകൾ സംഘടിപ്പിക്കുക.**

നേച്ചർ ക്ലബിന്റെ ആഭിമുഖ്യത്തിൽ എല്ലാ വർഷവും കേരളാ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ സഹായത്തോടെ വിവിധ സ്ഥലങ്ങളിൽ നേച്ചർ ക്യാമ്പ് സംഘടിപ്പിക്കുന്നു.ഈ വർഷം പെരിയാർ വൈൽഡ് സാഞ്ചറിയിലേക്ക് ട്രിപ്പ് നടത്തുന്നതിന് അപേക്ഷ നൽകിയിട്ടുണ്ട്.

**ദീർഘകാല പ്രവർത്തനങ്ങൾ**

1. **Social Science lab ക്രമീകരിക്കുന്നു**

ലക്ഷ്യം- സോഷ്യൽ സയൻസ് ക്ലാസുകൾ നടത്താൻ മൾട്ടിമീഡിയ സൗകര്യങ്ങളോടു കൂടിയ സോഷ്യൽ സയൻസ് ലാബ് സജ്ജീകരിക്കുന്നു. പഠനോപകരണങ്ങൾ, പഠനസാമഗ്രികൾ എന്നിവ ലാബിൽ ക്രമീകരിക്കുക.

സംഘാടനം - Management PTA, RMSA കാലയളവ് -5 വർഷം

## IT Club

ഐ.ടി സ്കൂൾ സമിതിയുടെ ആഭിമുഖ്യത്തിലുള്ള 'ഹായ് സ്ക്കൂൾ കൂട്ടിക്കൂട്ടം' പദ്ധതി സ്ക്കൂളിൽ സജീവമായി നടത്തുന്നതിനും ഈ കുട്ടികൾ വഴി സ്കൂളിലെ മുഴുവൻ കുട്ടികൾക്കും വിവിധ തലത്തിൽ പരിശീലനം കൊടുക്കുന്നതിനുമുള്ള നടപടികൾ ആസൂത്രണം ചെയ്തു.

ഡിജിറ്റൽ പെയിന്റിങ്

താൽപര്യമുള്ള മുഴുവൻ കുട്ടികൾക്കുംഡിജിറ്റൽ പെയിന്റിങ് പരിശീലിക്കുന്നതിനുള്ള ക്രമീകരണം നടത്തും. ഇവർക്ക് മത്സരം സംഘടിപ്പിക്കുകയും പ്രോത്സാഹന സമ്മാനങ്ങൾ കൊടുക്കുകയും ചെയ്യും.

**മലയാളം ടൈപ്പിങ്**

സ്ക്കൂളിലെ എല്ലാ കുട്ടികളും മലയാളം കമ്പ്യൂട്ടറിൽ ചെയ്യാൻ പ്രാപ്തരാകത്തക്ക വിധം സമഗ്ര മലയാളം ടൈപ്പിങ് പദ്ധതി നടപ്പിലാക്കും.

**ആനിമേഷൻ**

സാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകൾ കുട്ടികൾക്ക് അനാവരണം ചെയ്യുന്നതിനായി ആനിമേഷൻ പ്രോഗ്രാമുകളുടെ പ്രത്യേക പരിശീലനം കുട്ടികൾക്ക് കൊടുക്കും. കുട്ടികൾ തയ്യാറാക്കുന്ന പ്രോഗ്രാമുകൾ സ്കൂളിൽ പ്രദർശിപ്പിക്കുകയും അവർക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്യും.

**ഐ.ടി പ്രോജക്ട്**

കുട്ടികളിൽ സാമൂഹ്യപ്രതിബന്ധത വളർത്തുന്നതിനായി പ്രദേശത്തെ സാമൂഹ്യ വിഷയങ്ങളുമായി ബന്ധപ്പെടുത്തി പ്രോജക്ട് തയ്യാറാക്കിയും മൾട്ടിമീഡിയയുടെ സഹായത്തോടെ അവതരിപ്പിക്കുന്നതിനായി കുട്ടികൾക്ക് അവസരം നൽകും.

**മൾട്ടിമീഡിയ പ്രസന്റേഷൻ**

മൾട്ടിമീഡിയ പ്രസന്റേഷൻ തയ്യാറാക്കുന്നതിനായി കുട്ടികൾക്ക് പ്രത്യേകം പരിശീലനം കൊടുക്കുകയും അവ പ്രദർശിപ്പിക്കുന്നതിന് പ്രോത്സാഹനം നൽകുകയും ചെയ്യും.

**ഇ- വഴി തെറ്റാതെ കാക്കാം**

സ്കൂൾ കുട്ടികളുടെ മാതാപിതാക്കൾക്കായി ഈ വർഷം ആരംഭിച്ച 'ഈ വഴി തെറ്റാതെ കാക്കാം' എന്ന പദ്ധതി തുടർന്നും വളരെ കാര്യക്ഷമമായി ഇതിലൂടെ മാതാപിതാക്കൾക്ക് മൊബൈൽ ഫോൺ തുടങ്ങിയ സാങ്കേതിക വിദ്യകളെക്കുറിച്ചും അതിലെ ചതിക്കുഴികളെക്കുറിച്ചും ഇവ കുട്ടികൾ ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ടവയെക്കുറിച്ചും കുട്ടികൾ തന്നെ ബോധവത്കരണ പരിപാടികൾ മൾട്ടിമീഡിയായുടെ സഹായത്തോടെ നടത്തും.

**ഇന്റനെറ്റ്**

സ്കൂളിലെ എല്ലാ കുട്ടികൾക്കും ഇന്റർനെറ്റിനെക്കുറിച്ച് അവബോധം ഉണ്ടാക്കുന്നതിനായി പരിശീലനം കൊടുക്കും.

**അക്ഷരജ്ഞാനം**

മാതൃഭാഷാ പഠനത്തോടൊപ്പം തന്നെ തുല്യപ്രാധാന്യം ഹിന്ദി ഭാഷയ്ക്കും ലഭിക്കത്തക്കവിധം ആദ്യം തന്നെ കുട്ടികളെ അക്ഷരജ്ഞാനം പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ കുട്ടികൾക്കും എല്ലാ അക്ഷരങ്ങളുടെയും ശരിയായ ലിപി മനസ്സിലാക്കി എഴുതുവാൻ പ്രാപ്തരാക്കുന്നു.അക്ഷരങ്ങളെ തിരിച്ചറിയുവാൻ എല്ലാ കുട്ടികളും പ്രാപ്തരാകുന്നു.

**വ്യാകരണഘട്ടം**

പ്രാഥമിക വ്യാകരണ ഭാഗങ്ങൾ കുട്ടികളിൽ ആഴത്തിൽ പതിയുന്നതിനായി വ്യാകരണസംഘങ്ങൾ രൂപീകരിച്ച് കുട്ടികളിൽ വ്യാകരണ തത്വങ്ങൾ ദൃഢമാക്കുന്നു.

**ചെറിയ ശബ്ദ സമൂഹം വലിയ ജ്ഞാനം**

ചെറിയ ചെറിയ വാക്കുകളും അവയുടെ അർത്ഥവും മനസ്സിലാക്കി പഠിക്കുന്നതിനായി ചെറിയ വാക്കുകളുടെ ശരിയായ രൂപവും അവയുടെ അർത്ഥവും ഹൃദ്യസ്ഥമാക്കി ഭാഷ ലളിതമാക്കുന്നു.

**അടിസ്ഥാന ഹിന്ദി പരിശീലന യജ്ഞം**

രാഷ്ട്രഭാഷാ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി ആഴ്ചയിൽ മൂന്നു ദിവസം പരിശീലനം നൽകുന്ന പദ്ധതി.

**കഥ, കവിത, കോർണർ**

ഓരോ ക്ലാസിലും കുട്ടികൾ സ്വയം എഴുതി, അധ്യാപകൻ തെറ്റു തിരുത്തി നൽകിയ കവിതകളും ശേഖരിച്ച് സൂക്ഷിക്കുന്നു. എല്ലാ കുട്ടികൾക്കും ഇതുവായിക്കാൻ അവസരം നൽകുന്ന പദ്ധതി.

## English Club

1. Letter Card and word Card

വായനയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ ആദ്യഘട്ടത്തിൽ അക്ഷരങ്ങളെഴുതിയ കാർഡ് ഉപയോഗിച്ച് വാക്കുകളും അടുത്ത ഘട്ടത്തിൽ വാക്കുകൾ രേഖപ്പെടുത്തിയ കാർഡുകൾ ഉപയോഗിച്ച് വാക്യങ്ങളും രൂപീകരിക്കാൻ പ്രാപ്തരാക്കുന്നു.

2. Reading Festival

ആദ്യഘട്ടം ക്ലാസ് തലത്തിൽ വായനക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്, പുസ്തകപരിചയം മുതലായ പരിപാടികൾ നടപ്പിലാക്കി അവയിൽ നിന്ന് മികച്ചവ കണ്ടെത്തി സ്കൂൾ തലത്തിൽ അവതരിപ്പിക്കുന്നു. പാഠഭാഗവുമായി ബന്ധപ്പെട്ട് Skit,role play,Speech ഇവയുടെ അവതരണം

3. **Picture Reading**

കുട്ടികളുടെ സർഗ്ഗശേഷി വളർത്തുന്നതിനായി ചിത്രങ്ങൾ രേഖപ്പെടുത്തിയ കാർഡുകൾ നൽകി അടിക്കുറിപ്പുകൾ തയ്യാറാക്കുക. ചിത്രങ്ങളുടെ അടിസ്ഥാനത്തിൽ കഥകൾ തയ്യാറാക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ കുട്ടികൾക്ക് നൽകുന്നു.

4. **English Day**

ഇംഗ്ലീഷ് ദിനാചരണവുമായി ബന്ധപ്പെട്ട് വിവിധ മത്സരങ്ങൾ,കുട്ടികളുടെ കലാപരിപാടികൾ ഇവ നടത്തുന്നു.

5. **പത്രനിർമ്മാണം**

പത്ര നിർമ്മാണത്തിന് സന്നദ്ധരായ കുട്ടികളെ ഉൾപ്പെടുത്തി എഡിറ്റോറിയൽ ബോർഡ് രൂപീകരിക്കുന്നു. എല്ലാ ദിവസവും കുട്ടികൾ എഴുതി തയ്യാറാക്കുന്ന വാർത്തകളിൽ നിന്ന് മെച്ചപ്പെട്ടവ തിരഞ്ഞെടുത്ത് മാസത്തിലൊരിക്കൽ ക്ലാസ് പത്ര പ്രകാശനവും ടേമിലൊരിക്കൽ സ്കൂൾ പത്രപ്രകാശനവും നടത്തുന്നു.

6. ദിനപത്രങ്ങൾ വായിച്ച് വാർത്തകൾ ക്രോഡീകരിച്ച് സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കുന്നു.

## ഹ്രസ്വകാല പ്രവർത്തനങ്ങൾ

**മാതൃഭാഷ നമ്മുടെ ഭാഷ**

ഒന്നാം ടേം പൂർത്തിയാകുന്നതിനു മുമ്പു തന്നെ സ്കൂളിലെ എല്ലാ കുട്ടികൾക്കും മാതൃഭാഷ എഴുതുവാനും വായിക്കുവാനും, സംസാരിക്കുവാനും കഴിയും വിധത്തിൽ പ്രത്യേക പരിശീലന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കും,കഥ ,കവിത, ലേഖനം, നോവൽ ഇവയുടെ വായനാപരിപോഷിപ്പിക്കുകയും, കഥ, കവിത, ലേഖന രചനാ മത്സരങ്ങൾ സംഘടിപ്പിക്കുകയും തങ്ങളുടെ സൃഷ്ടി അവതരിപ്പിക്കാനുള്ള അവസരം നൽകുകയും ചെയ്യും.

ലക്ഷ്യം- മാതൃഭാഷയുടെ പ്രാധാന്യം വർദ്ധിപ്പിക്കുക, കുട്ടികളിലെ സർഗ്ഗവാസനകൾ പ്രോത്സാഹിപ്പിക്കുക എല്ലാ കുട്ടികൾക്കും പ്രചോദനം ഉണ്ടാക്കുക.

സംഘാടനം - ഹൈസ്കൂൾ, യൂ.പി. ക്ലാസ്സുകളിലെ മലയാളം അദ്ധ്യാപകർ , കാല ദൈർഘ്യം മൂന്നുമാസം

**സ്മാർട്ട് ഇംഗ്ലീഷ്**

ഇംഗ്ലീഷ് ഭാഷ തെറ്റില്ലാതെ വായിക്കാനും, എഴുതുവാനും സ്കൂളിലെ എല്ലാ കുട്ടികളെയും പ്രാപ്തരാക്കുന്ന സ്മാർട്ട് ഇംഗ്ലീഷ് പ്രോഗ്രാം നടപ്പിലാക്കും Diary writing, conversationLetter writing, Profile writing, adding more lines to -the poem, Description of a picture തുടങ്ങിയ വിവിധ ആക്ടിവീറ്റീസ് ദിനം പ്രതി ചെയ്പ്പിച്ചു കൊണ്ട് കുട്ടികളിലെ ഭാവന ശേഷി ഇംഗ്ലീഷിൽ പ്രകടിപ്പിക്കുന്നതിന് അവരെ പ്രാപ്തരാക്കും.

ലക്ഷ്യം- നിത്യജീവിതത്തിലെ വിവിധ മേഖലകളിൽ ഇംഗ്ലീഷ് നിഷ്പ്രയാസം എഴുതുവാനും വായിക്കുവാനും കുട്ടികളെ പ്രാപ്തരാക്കുക.

സംഘാടനം - ഹൈസ്കൂൾ, യൂപി. ക്ലാസുകളിലെ ഇംഗ്ലീഷ് ഭാഷാ അധ്യാപകർ

കാലദൈർഘ്യം - 4 മാസം

**ഹിന്ദി അക്ഷര ജ്ഞാനം**

മാതൃഭാഷ പഠനത്തോടൊപ്പം തന്നെ തുല്യ പ്രാധാന്യം ഹിന്ദി ഭാഷയ്ക്കും ലഭിക്കത്തക്ക വിധത്തിൽ സ്കൂളിലെ ഹൈസ്കൂൾ,യു.പി.ക്ലാസ്സുകളിലെ എല്ലാ കുട്ടികൾക്കും ഹിന്ദി അക്ഷരം തിരിച്ചറിയുവാനും, ശരിയായി ഉച്ചരിക്കുവാനും പ്രാപ്തരാക്കുന്ന വിധത്തിൽ പരിശീലനം നൽകും.

ലക്ഷ്യം- അക്ഷരങ്ങൾ തിരിച്ചറിയുന്നതിലൂടെ വാക്കുകൾ വായിക്കുവാനും എഴുതുവാനും പ്രാപ്തരാകുന്നു.

സംഘാടനം- ഹൈസ്ക്കൂൾ, യൂ.പി. ക്ലാസുകളിലെ ഹിന്ദി ഭാഷാ അധ്യാപകർ

**ഗണിതം മധുരം**

സ്കൂളിലെ മുഴുവൻ കുട്ടികളെയും സംഖ്യാ അവബോധം ഉള്ളവരാക്കുകയും ചതുഷ്ക്രിയകളിൽ പ്രാവീണ്യമുള്ളവരാക്കുകയും ചെയ്യും. ഓരോ മാസത്തിലും കുട്ടികളിലെ അടിസ്ഥാന ഗണിത കഴിവുകൾ വളർത്തുന്നതിനായി വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കും. ഗണിത ക്വിസ് പസ്സിൽസ്, പ്രൊജെക്ട് തുടങ്ങിയവ ഇതിനായി നടത്തും.

ലക്ഷ്യം- എല്ലാ കുട്ടികളെയും ചതുഷ്ക്രിയകളിൽ പ്രാവീണ്യമുള്ളവരാക്കും.

സംഘാടനം - ഗണിതശാസ്ത്രാധ്യപകൻ

കാലദൈർഘ്യം - രണ്ടരമാസം

**ശാസ്ത്ര കൗതുകം**

കുട്ടികളിൽ ശാസ്ത്രതാല്പര്യം വളർത്തുന്നതിനായി ചെറിയ പരീക്ഷണങ്ങൾ ചെയ്യാനും കാണുവാനും അവതരിപ്പിക്കാനും ഉള്ള അവസരം കുട്ടികൾക്ക് നൽകുന്നു. ബോധനോപകരണങ്ങൾ കുട്ടികൾ അധ്യാപകരുടെ സഹായത്തോടെ നിർമ്മിക്കുന്നു.

അവയുടെ പ്രദർശനം സ്കൂളിൽ നടത്തുന്നു. ലക്ഷ്യം 'Learing by doing' എന്ന ആശയം നടപ്പിലാക്കുക.

സംഘാടനം - ശാസ്ത്രാധ്യാപകർ

കാലദൈർഘ്യം- രണ്ടരമാസം

## മധ്യകാല പ്രവർത്തനങ്ങൾ

**മാതൃഭാഷ നമ്മുടെ ഭാഷ**

രണ്ടാം ടേം അധ്യയനം പൂർത്തിയാക്കുന്നതിനുമുൻപു തന്നെ സ്കൂളിലെ എല്ലാ കുട്ടികൾക്കും മാതൃഭാഷ എഴുതുവാനും, വായിക്കുവാനും , സ്ഫുടമായി ഉച്ചരിക്കുവാനും കഴിയും വിധത്തിൽ പ്രത്യേക പരിശീലന പരിപാടികൾ ആസൂ

ത്രണം ചെയ്ത് നടപ്പിലാക്കും, പുസ്തകങ്ങൾ, പത്രങ്ങൾ എന്നിവ നിരന്തരം വായിപ്പിക്കുകയും കേട്ടെഴുത്തുകൾ നിത്യേന നടത്തുകയും ചെയ്യും ക്ലാസിൽ ന്യൂസ് റീഡിംഗ് നിർബന്ധമാക്കും.

കഥ, കവിത, ലേഖനം, നോവൽ ഇവയുടെ വായന പരിപോഷിപ്പിക്കുന്നതിന് സ്കൂൾ ലൈബ്രറി പ്രവർത്തനം സജീവമാക്കും, ആഴ്ചയിലൊരിക്കൽ ലൈബ്രറി പുസ്തകങ്ങൾ വിതരണം ചെയ്യുകയും വായനക്കുറിപ്പ് തയ്യാറാക്കുകയും ചെയ്യും. മാസാവസാനം വയനാക്കുറിപ്പുകൾ ക്ലാസിലവതരിപ്പിക്കുകയും മികച്ചവയ്ക്ക് പ്രോത്സാഹന സമ്മാനം നൽകുകയും ചെയ്യും . കൂടാതെ വായനാമൂല ക്ലാസ് തല ത്തിൽ തയ്യാറാക്കും. അതിലേക്ക് കുട്ടികൾ തന്നെ പുസ്തകങ്ങൾ സംഭാവന ചെയ്യണം. കുട്ടികളുടെ ജന്മദിനം വീടുകളിൽ നടക്കുന്ന ആഘോഷങ്ങൾ ഇവ യുടെ ഓർമ്മയ്ക്കായി ഓരോ പുസ്തകങ്ങൾ സംഭാവന ചെയ്യാൻ ആവശ്യപ്പെടും അങ്ങനെ ശേഖരിക്കുന്ന പുസ്തകങ്ങളുടെ വിതരണവും കൈമാറ്റവും ക്ലാസ് ലീഡറുടെ ഉത്തരവാദിത്വത്തിൽ നടപ്പാക്കും, കതഥ, കവിത, ലേഖന രചനാ മത്സ രങ്ങൾ ദിനാചരണങ്ങളോടനുബന്ധിച്ച് നടത്തുകയും മികച്ചവ അസംബ്ലിയിൽ അവതരിപ്പിക്കുകയും  സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്യും. അവ ആനു കാലിക മാഗസിനുകളിൽ പ്രസിദ്ധപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കും. ക്ലാസടിസ്ഥാനത്തിൽ മാസികകൾ തയ്യാറാക്കി മികച്ചവ സ്കൂൾ ലൈബ്രറിയിൽ വായനയ്ക്കായി പ്രസിദ്ധപ്പെടുത്തും.

ലക്ഷ്യം - മാതൃഭാഷയുടെ പ്രാധാന്യം വർദ്ധിപ്പിക്കുക.

സർഗ്ഗവാസനകൾ പ്രോത്സാഹിപ്പിക്കുക, അക്ഷരജ്ഞാനം ഉറപ്പാക്കുക.

സംഘാടനം - ഹൈസ്കൂൾ , യു.പി. ക്ലാസുകളിലെ മലയാളം അധ്യാപകർ

കാലദൈർഘ്യം -9 മാസം.

## English

Auratory Club, drama Club ഇവ രൂപികരിച്ച് പാഠഭാഗത്തുനിന്നുള്ള സ്പീച്ചസ്, പാഠപുസ്തകത്തിലെയും ഇംഗ്ലീഷ് സാഹിത്യത്തിൽ നിന്നുള്ള മറ്റു കഥകൾ ഇവയുടെ സ്ക്രിപ്റ്റ് എഴുതി സ്റ്റേജിൽ അവതരിപ്പിക്കുന്നു. കുട്ടികളുടെ ഇംഗ്ലീഷ് സംഭാഷണശേഷി വികസിപ്പിക്കാൻ സഹായിക്കുന്നു. ദിനാചരണങ്ങ ളുടെ ഭാഗമായി കുട്ടികൾ സെമിനാർ(ഇംഗ്ലീഷ്) അവതരിപ്പിക്കുന്നു.

English School Assembly - അസംബ്ലി പൂർണ്ണമായും ഇംഗ്ലീഷിൽ നടത്തി ആശയവിനിമയശേഷി വർദ്ധിപ്പിക്കാനും ഇംഗ്ലീഷിൽ സംസാരിക്കുന്നതിനുള്ള ഭയം ഒഴിവാക്കാനും സഹായിക്കുന്നു.

English Fest - കുട്ടികൾ ആ അക്കാദമിക വർഷം നേടിയെടുത്ത ശേഷികൾ ഗ്രൂപ്പ ടിസ്ഥാനത്തിൽ പ്രകടിപ്പിക്കുന്നതിനുള്ള അവസരം (Poster desiging , skit മുത ലായ മത്സരങ്ങൾ നൽകുന്നു.

English Class Magazine - കുട്ടികളുടെ സർഗ്ഗാത്മക രചനകൾ ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ തയ്യാറാക്കുന്നു. സ്കൂൾ മാഗസിനിൽ നിന്ന് മെച്ചപ്പെട്ട രടനകൾ തിരഞ്ഞെടുത്ത് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. ക്രീയേറ്റീവ് കോർണർ- കഥ, കവിത ദിനാചരണങ്ങളുമായി ബന്ധപ്പെട്ട ലഘുനാടകങ്ങളുടെ തിരക്കഥകൾ തയ്യാറാക്കുന്നു.

Communicative English - ആഴ്ചയിൽ ഒരു Period Communicative English നായി മാറ്റി വയ്ക്കുന്നു. ഇംഗ്ലീഷ് സംഭാഷണങ്ങൾ കുട്ടികൾ പരിശീലിപ്പിക്കു കയും ക്ലാസ്സിൽ അവതരിപ്പിക്കുകയും ചെയ്യുന്നു.

Reading Square - എല്ലാദിവസവും ഇംഗ്ലീഷ് പീരിയഡിൽ അതാത് ദിവസത്തെ ഇംഗ്ലീഷ് ന്യൂസ് സംഗ്രഹിച്ച് ക്ലാസ് തലത്തിൽ News for the day ആയി അവതരി പ്പിക്കുന്നു. Thought for the day, every day actyivity ഇവയും ക്ലാസിൽ അവതരി പ്പിക്കുന്നു.

ലക്ഷ്യം - World Language ആയ ഇംഗ്ലീഷിന്റെ പ്രാധാന്യം കുട്ടികൾക്ക് മനസ്സി ലാക്കാനും English Language skill നേടിയെടുക്കാനുള്ള അവസരം കുട്ടികൾക്ക് കൊടുക്കുന്നു.

സംഘാടനം -ഹൈസ്കൂള്,യൂ.പി.ക്ലാസ്സുകളിലെ ഇംഗ്ലീഷ് അധ്യാപകർ

കാലദൈർഘ്യം 9 മാസം

## <u>ഹിന്ദി</u>

**വാക്കുകളിൽ നിന്നും വാക്യങ്ങളിലേക്ക്**

ചെറിയ വാക്കുകളും അവയുടെ അർത്ഥവുംഗ്രഹിക്കുന്നതിലൂടെ കുട്ടി കൾക്ക് വാക്യങ്ങൾ തെറ്റില്ലാതെ എഴുതാനുള്ള കഴിവുണ്ടാകുന്നു. പ്രാഥമിക

വ്യാകരണം കുട്ടികളിൽ ആഴത്തിൽ പതിയുന്നതിനായി വ്യാകരണ ക്ലാസ്സുകൾ നടത്തുന്നു.

**വായനയിലൂടെ പഠനം**

ചെറിയ ചെറിയ കവിതകളും, കഥകളും നൽകി അക്ഷരങ്ങളും ചിഹ്നങ്ങളും തിരിച്ചറിഞ്ഞ് തെറ്റില്ലാതെ വായിക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്ന വിധത്തിൽ ഓരോ ക്ലാസിലെയും കുട്ടികൾക്ക് പ്രത്യേക വായനാ പരിശീലനം നൽകുന്നു.

**വായനാ കാർഡുകൾ തയ്യാറാക്കൽ**

ഹിന്ദിഅക്ഷരങ്ങൾ തിരിച്ചറിയാൻ കുട്ടികളെ പ്രാപ്തരാക്കുന്നതിനായി വായനാ കാർഡുകൾ തയ്യാറാക്കും. ഇവയിൽ പഴങ്ങൾ, പച്ചക്കറികൾ,പക്ഷിമൃഗാദികൾ, വൃക്ഷങ്ങൾ എന്നിവയുടെ ചിത്രങ്ങളും പേരുകളും ചേർക്കും.

കുട്ടികളുടെ വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ഹിന്ദി മാഗസിൻ തയ്യാറാക്കും.

ഹിന്ദി ഭാഷയോടുള്ള താത്പര്യം വർദ്ധിപ്പിക്കുന്നതിനായ വിവധ മത്സരങ്ങൾ നടത്തും. ക്ലാസ് തല വിജയികൾക്ക് ഹിന്ദി അസംബ്ലിയിൽ മത്സരയിനം അവതരിപ്പിക്കാൻ അവസരം നൽകും.

ദിനാചരണങ്ങളോടനുബന്ധിച്ച് ഹിന്ദി ഭാഷയിൽ പോസ്റ്റർ തയ്യാറാക്കി പ്രദർശിപ്പിക്കും.

**വിവരസാങ്കേതിക വിദ്യാ വിനിയോഗം**

ഹിന്ദി പഠനം ആസ്വാദ്യകരമാക്കുന്നതിന് വിവിധ ദൃശ്യശ്രവ്യ സാമഗ്രികൾ, ഹിന്ദി, കവിത, ഹിന്ദി കഥ, മഹാത്മാക്കളുടെ ജീവചരിത്രം ഇവ ഹിന്ദിയിൽ തന്നെ കേൾക്കാനും കാണാനും ഗ്രഹിക്കാനും അവസരം നല്കുന്നു.

ലക്ഷ്യം - രാഷ്ട്രഭാഷയുടെ മഹത്വം കുട്ടികളിൽ രൂഢമൂലമാക്കുന്നു.

സംഘാടനം - ഹിന്ദി അധ്യാപകർ

കാലദൈർഘ്യം-7 മാസം

**സയൻസ്**

സയൻസ് ക്ലബിന്റെ ആഭിമുഖ്യത്തിൽ പരിസ്ഥിതി സർവ്വേകൾ നടത്തുന്നു. പരിസ്ഥിതിയുമായി ബന്ധപ്പെട്ട പല വിഷയങ്ങളും കുട്ടികൾക്കു മുമ്പിൽ അവതരിപ്പിക്കുന്നു. കുട്ടികൾ പല ഗ്രൂപ്പുകളായി തിരിഞ്ഞ് വിവിധ വിഷയങ്ങളെപ്പറ്റി അന്വേ

ഷാത്മക പ്രോജക്ട് വർക്ക് നടത്തുന്നു. Suggestion പഞ്ചായത്തിന്റെയും മറ്റ് അധികാരികളുടെയും മുമ്പിൽ അവതരിപ്പിക്കുന്നു.

സംഘാടനം - സയൻസ് ടീച്ചർ

കാലദൈർഘ്യം -10 മാസം

ലക്ഷ്യം- റിസേർച്ച് വർക്കുകൾ ചെയ്യാൻ കുട്ടികളെ പ്രാപ്താക്കുക, problem solving skill വളർത്തുക.

**ഗണിതം ലളിതം**

ഓരോ കുട്ടിക്കും ഗണിതത്തിൽ വിഷമകരമായ ഭാഗം കണ്ടെത്തുന്നതിനായി ഓരോ ക്ലാസിലും ഡയഗണോസ്റ്റിക് ടെസ്റ്റ് നടത്തും. ഇതിൽ നിന്നും ഓരോ കുട്ടികളുടെയും കുറവുകൾ മനസ്സിലാവുകയും അതിനു പരിഹാരം കാണുന്നതിനായി റെമഡിയർ ടീച്ചിംങ് നടത്തുകയും ചെയ്യും. അടിസ്ഥാന ഗണിത ക്രിയകളിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പരിശീലന പരിപാടി തയ്യാറാക്കി അവരെ മുന്നോക്ക നിരയിലേക്ക് കൊണ്ടുവരുന്നതിനായി ഗണിത പരിശീലന യജ്ഞം സംഘടിപ്പിക്കും.

ലക്ഷ്യം- എല്ലാ കുട്ടികൾക്കും ഗണിതം എളുപ്പമാക്കുക.

സംഘാടനം- ഗണിത ശാസ്ത്ര അധ്യാപകൻ

കാലദൈർഘ്യം- 8 മാസം

**ലഹരി വിമുക്ത ക്യാമ്പസ് നിലനിർത്തും**

ലഹരിയുടെ ഉപയോഗം പുതിയ തലമുറയിൽനിന്ന് ഒഴിവാക്കാനും അവയ്ക്കെതിരായ മനോഭാവം വളർത്തുവാനുള്ള പ്രവർത്തനങ്ങൾക്ക് രൂപം കൊടുക്കും, ജനകീയ സഹകരണത്തോടെ സ്കൂൾ പരിസരത്ത് മദ്യം, മയക്കുമരുന്ന് ലഭ്യത പൂർണ്ണമായും ഒഴിവാക്കാനുള്ള പ്രവർത്തനങ്ങൾ ഉണ്ടാക്കും.

മദ്യപാനം, മയക്കുമരുന്ന് തുടങ്ങിയവ വ്യക്തികളെയും കുടുംബത്തെയും സമൂഹത്തെയും എങ്ങനെയെല്ലാം ബാധിച്ചിട്ടുണ്ട് എന്ന് അവരവരുടെ പ്രദേശം കേന്ദ്രീകരിച്ചുള്ള പഠനങ്ങളും പ്രസ്തുത പഠനങ്ങളും അവതരണങ്ങളും സ്കൂൾ അടിസ്ഥാനത്തിൽ ഉണ്ടാകും.

ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ - പ്ലാസ്റ്റിക് രഹിത,മാലിന്യ മുക്ത ക്യാമ്പ് ആയിരിക്കും.

സ്കൂൾ തല ആരോഗ്യ വിദ്യാഭ്യാസത്തിന് മാർഗ്ഗരേഖ തയ്യാറാക്കു. പ്രചാരണ ബോധവത്കരണ പരിപാടികൾ, വിദഗ്ദരുടെ ക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കും. പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ വിദ്യാലയത്തിൽ ശേഖരിച്ച് സംസ്കരിക്കുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തും അജൈവ മാലിന്യങ്ങൾ വേർതിരിച്ച് നിക്ഷേപിക്കുന്നതിനുള്ള സംവിധാനം സ്കൂൾ ക്യാമ്പസിൽ ഉണ്ടാകും.

വ്യക്തി- പരിസര ശുചിത്വ പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തും

സ്കൂൾ പരിസരം ശുചിത്വമാക്കുവാൻ Red Cross, Guides എന്നി സംഘടനകൾക്ക് പൂർണ്ണമായ ഉത്തരവാദിത്വം അവരവരുടെ ആനിമേറ്റേഴ്സിന്റെ നേതൃത്വത്തിൽ നടത്തും.

കൗൺസലിംഗ് സൗകര്യം ലഭ്യമാക്കും.

കുടുംബഘടനയിലും ജീവിത രീതിയിലും വന്ന മാറ്റങ്ങൾ, അണുകുടുംബങ്ങളിൽ കുട്ടികൾക്ക് ലഭിക്കുന്ന അമിത പരിരക്ഷ, കൗമാരപ്രായത്തിൽ സ്വാഭാവികമായി ഉണ്ടാകുന്ന ആന്തര സംഘർഷങ്ങളെ മറികടക്കാൻ ആവശ്യമായ പ്രതിവിധി. ഈ അവസ്ഥകളെ തരണം ചെയ്യാൻ കൗൺസലിംങ് സൗകര്യം സ്കൂളിൽ ഉണ്ടാക്കും.

**കലയും സംസ്കാരവും**

ആൺകുട്ടികളുടെ കലാവാസനകൾക്ക് പ്രോത്സാഹനം നൽകുന്നതിനായുള്ള വാദ്യമേള കൂടുതൽ ആകർഷകമാക്കുന്നു.

ഹൈസ്ക്കൂളിലെയും, യു.പി. സ്കൂളിലെയും കുട്ടികൾക്ക് നൃത്താധ്യാപകൻ, പരിശീലനം നൽകുന്നു. മത്സരങ്ങളിൽ പങ്കെടുക്കുവാൻ അവസരം നൽകുന്നു. കൂടാതെ സംഗീതം, അഭിനയം, ചിത്രരചന, പ്രസംഗം തുടങ്ങിയ മേഖലകളിലും പരിശീലനം നൽകുന്നു.

## Beautiful Minds

പാലാ കോർപ്പറേറ്റ് എഡ്യുക്കേഷൻ ഏജൻസിയും പാലാ സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ടും ചേർന്നു നടത്തുന്ന ഈ പ്രോഗ്രാമിൽ ഹൈസ്കൂൾ തലത്തിലെ മികച്ച വിദ്യാർത്ഥികൾക്ക് ഐ.എ.എസ്. എന്ന സ്വപ്നലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുവേണ്ടി ക്ലാസ്സുകൾ നടത്തുന്നു.

## Premier

6 മുതൽ 9 വരെയുള്ള കുട്ടികൾക്ക്, Maths, English എന്നീ വിഷയങ്ങളിൽ പ്രാവീണ്യമുണ്ടാക്കുന്നതിനുവേണ്ടി പാലാ കോർപ്പറേറ്റ് എഡ്യുക്കേഷൻ ഏജൻസി നടത്തുന്ന ഈ പ്രോഗ്രാമിൽ കുട്ടികൾക്ക് പരിശീലനം നൽകി വരുന്നു.

## Adart

Adart ന്റെ ആഭിമുഖ്യത്തിൽ ലഹരി വിരുദ്ധ സന്ദേശദിനം സമുചിതമായി ആചരിക്കുകയും ലഹരി വസ്തുക്കളുടെ ഉപയോഗത്തിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുന്നതിന് വേണ്ടി വിവിധ ക്ലാസ്സുകൾ എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ നടന്നു വരുന്നു.

**<u>ഭൗതിക സൗകര്യ ആസൂത്രണ രേഖ</u>**

| പ്രവർത്തനത്തിന്റെ പേര് | പ്രവർത്തനത്തിന്റെ രീതി | കാലയളവ് | ചുമതല |
|---|---|---|---|
| ഐ.ടി സൗകര്യങ്ങൾ | കമ്പ്യൂട്ടർ പഠനം എല്ലാ കുട്ടികൾക്കും സാധ്യമാക്കുന്നുവെന്നും അതിൽ നൈപുണ്യം നേടുന്നു എന്നും ഉറപ്പുവരുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് അധ്യാപകർ |
| പച്ചക്കറിത്തോട്ടം | നിലവിലുള്ള പച്ചക്കറിത്തോട്ടം നവീകരിക്കുന്നു. കുട്ടികൾ വിത്തു കൊണ്ടുവരുമെന്നും വരുകയും അവർക്ക് സഹായ സഹകരണങ്ങൾ നൽകുകയും ചെയ്യുന്നു. | ജൂൺ മുതൽ മാർച്ച് വരെ | 6–9 വരെയുള്ള കുട്ടികളും അധ്യാപകരും |
| ഹരിത വിദ്യാലയം | പൂന്തോട്ടം നവീകരിക്കുന്നു. പല വൃക്ഷങ്ങളും വച്ചു പിടിപ്പിക്കുന്നു. പൂന്തോട്ടം നട്ടുനനച്ച് വളർത്തുവാൻ ഓരോ ക്ലാസ്സുകാരെ ചുമതലപ്പെടുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് അധ്യാപർ |
| കളിയുപകരണങ്ങൾ | ആവശ്യമായ കളി ഉപകരണങ്ങൾ വാങ്ങുന്നു. | ജൂൺ | H.M. |
| ടോയിലറ്റുകൾ | ടോലിയറ്റുകൾ വൃത്തിയുള്ളതും സുരക്ഷിതമായതും ഉപയോഗത്തിന് ആവശ്യമായ വെള്ളമുള്ളതുമാണെന്ന് ഉറപ്പുവരുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | H.M. |

| | | | |
|---|---|---|---|
| സ്കൂൾ കെട്ടിടം | സ്കൂൾ കെട്ടിടം കുറച്ചു കൂടി മനോഹരമാക്കുന്നു. | ജൂൺ, ജൂലൈ മാസ ങ്ങളിൽ | മാനേജ്മെന്റ് |
| സയൻസ് ലാബ് | ലാബ് സൗകര്യങ്ങൾ മെച്ചപ്പെടു ത്തുന്നു | ഏപ്രിൽ, മെയ് മാസ ങ്ങളിൽ | മാനേജ്മെന്റ് |
| യാത്ര സൗകര്യം | കുട്ടികൾക്ക് സ്കൂളിൽ എത്താ നുള്ള യാത്ര സൗകര്യം മെച്ച പ്പെടുത്തുവാൻ ബസ്സിന്റെ ട്രിപ്പുകളിൽ മാറ്റം വരുത്തുന്നു. | ജൂൺ | H.M. |
| ലൈബ്രറി | ലൈബ്രറിയിൽ കൂടുതൽ പുസ്തകങ്ങൾ വാങ്ങിക്കുകയും കൃത്യമായി സമയം ചെലവഴി ക്കാനുള്ള അവസരം നൽകു കയും ചെയ്യുന്നു. | മെയ്, ജൂൺ മാസങ്ങളിൽ | H.M. ലൈബ്രറി ഇൻ ചാർജ് |

**ഭൗതിക സാഹചര്യങ്ങൾ**

Toilet - Yes

Drinking Water Facility - Yes

Electrification - Yes

Library - Yes

Science Lab - Yes

Play Ground - Yes

Smart Room - Yes

Multi Room - Yes

Computer Lab - Yes

**ഇനിയും ആവശ്യമുള്ളത്**

1. സ്പോർട്സ് മെറ്റീരിയൽസ്
2. കലാ-കായിക അധ്യാപനത്തിന് അധ്യാപകർ
3. കമ്പ്യൂട്ടർ

4. സ്മാർട്ട് റൂം ആന്റ് മെറ്റീരിയൽസ്
5. കലാ കായിക പരിശീലനങ്ങൾ
6. ഡ്രോയിംഗ് ടീച്ചർ
7. Resting Room

**സമൂഹ ബന്ധ ആസൂത്രണ രേഖ**

സമൂഹത്തിന്റെ ശക്തമായ പങ്കാളിത്തം എല്ലാ തലങ്ങളിലും ഉറപ്പാക്കുന്നതിനായി സ്കൂൾ അധ്യാപക രക്ഷകർതൃ സമിതി, ക്ലാസ്സ് പി.ടി.എ., സ്കൂൾ മാനേജ്മെന്റ് കമ്മറ്റി, പൂർവ്വവിദ്യാർത്ഥി സംഘടന, പൂർവ്വാധ്യാപക കൂട്ടായ്മ, സ്കൂൾ വികസന സമിതി, മാതൃസമിതി തുടങ്ങിയ സമൂഹവുമായി ബന്ധപ്പെടാവുന്ന എല്ലാവിധ കൂട്ടായ്മകളും ശക്തിപ്പെടുത്തുന്നു.

| പ്രവർത്തന ത്തിന്റെ പേര് | പ്രവർത്തന രീതി | കാലയളവ് | ചുമതല |
|---|---|---|---|
| പി.റ്റി.എ. ശാക്തീ കരണം | കുട്ടികൾ പഠനത്തിലും പഠനാനു ബന്ധ തുടർ പ്രവർത്തനങ്ങളിലും മികവ് പുലർത്തണമെങ്കിൽ അധ്യാപകരുടെയും രക്ഷിതാക്ക ളുടെയും കൂട്ടായ പരിശ്രമം ഉണ്ടാ കണം. സ്കൂളിൽ നടക്കുന്ന ദിനാ ചരണങ്ങളിലും ആഘോഷങ്ങ ളിലും പി.റ്റി.ഏ.യുടെ സാന്നിധ്യം ഉണ്ടാവണം. | ജൂൺ മുതൽ മാർച്ച് വരെ | H.M. |
| CPTA | CPTA യുടെ പങ്കാളിത്തം ഉറപ്പാ ക്കുന്നു. കുട്ടികളുടെ മികവുകളും പോരായ്മകളും ക്ലാസ് അധ്യാപി കയും രക്ഷിതാക്കളും ചേർന്ന് കണ്ടെത്തുകയും അതു പരിഹരി ക്കാൻ ക്രമീകരണങ്ങൾ നടത്തു കയും ചെയ്യുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് അധ്യാ പർ |

| | | | |
|---|---|---|---|
| സ്കൂൾ ജാഗ്രതാ സമിതി | സ്കൂൾ ജാഗ്രതാ സമിതിയുടെ പ്രവർത്തനങ്ങൾ ലിസ്റ്റ് ചെയ്യു കയും അത് പ്രാവർത്തികമാക്കാ ക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തുകയും അത് വിലയിരുത്തു കയും ചെയ്യുന്നു. | ജൂൺ | H.M. |
| ബോധവത്കരണ ക്ലാസ്സുകൾ | പി.റ്റി.എ. കുട്ടികൾ, അധ്യാപകർ എന്നിവർക്കുവേണ്ടി അതത് അവ സരങ്ങളിൽ ബോധവത്കരണ ക്ലാസ്സുകൾ നടത്തുകയും റിപ്പോർട്ടുകൾ സൂക്ഷിക്കുകയും ചെയ്യുന്നു. | ജൂൺ മുതൽ മാർച്ച് വരെ | H.M. |
| സ്കൂൾ വാർഷികം | കഴിഞ്ഞ വർഷങ്ങളിൽ നിന്നും വ്യത്യസ്തമായി സ്കൂൾ വാർഷികം കൂടുതൽ ആകർഷക മാക്കുവാനുള്ള ക്രമീകരണങ്ങൾ നടത്തുന്നു.<br>eg. റിപ്പോർട്ട് വായനയ്ക്ക് പകരം സ്ലൈഡ് പ്രൊസ്സസ്സിങ്. | ജൂൺ മുതൽ മാർച്ച് വരെ | H.M. |
| ആഘോഷദിന ങ്ങൾ ജനകീയമാ ക്കൽ | പരിസ്ഥിതി ദിനം, ഓണം, ശിശുദി നം, ക്രിസ്മസ് ആഘോഷങ്ങൾ ഇവയിൽ രക്ഷിതാക്കളെയും സ്കൂളിന് അടുത്ത കടകൾ, വാഹനങ്ങൾ, അയൽപക്ക വീടു കൾ എന്നിവിടങ്ങളിലുള്ളവ രെയും ക്ഷണിക്കുകയും അതിൽ പങ്കാളികളാക്കുകയും ചെയ്യുന്നു. | ജൂൺ മുതൽ മാർച്ച് വരെ | H.M. |

## ഉപസംഹാരം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ഫലപ്രാപ്തിയിലെത്തിക്കുവാൻ ഞങ്ങളുടെ സ്കൂൾ കണ്ടെത്തിയിരിക്കുന്ന ലക്ഷ്യങ്ങൾക്കനുസൃതം സ്കൂൾ മുന്നോട്ടുനയിക്കാൻ ഞങ്ങൾ അധ്യാപകർ ശ്രദ്ധിക്കും. കുട്ടികളുടെ സമഗ്രമായ വളർച്ച ലക്ഷ്യമാക്കിയിട്ടുള്ള ഈ പദ്ധതിക്ക് രക്ഷിതാക്കൾ, പൂർവ്വവിദ്യാർത്ഥികൾ, സാമൂഹിക രാഷ്ട്രീയ സാംസ്കാരിക പ്രവർത്തകർ, വിവിധ സർക്കാർ – സർക്കാതിര ഏജൻസികൾ എന്നിവരുടെ സഹായം ഉറപ്പായിരിക്കും എന്ന പ്രതീക്ഷയോടെ...